പുതുക്കിയ മറുപടി

# പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3195 — 25/10/2021 ൽ മറുപടിയ്ക്ക്

## പ്ലസ് വൺ അഡ്മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി സി വിഷ്ണുനാഥ് | വി.ശിവൻകുട്ടി<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) |
| (എ) പ്ലസ് വൺ രണ്ടാംഘട്ട അലോട്ട്മെന്റ് കഴിഞ്ഞതിന് ശേഷം ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കാത്തതിനാൽ അഡ്മിഷൻ ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (എ) 2021-22 അധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാനത്തെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ അലോട്ട്മെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ട പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ പ്രവേശനം എന്നിവയൊക്കെ നടന്ന് കൊണ്ടിരിക്കുകയാണ്. മുഖ്യ അലോട്ട്മെന്റ് പ്രവേശനത്തിനു ശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള 33153(മുപ്പത്തി മൂന്നായിരത്തി ഒരുന്നൂറ്റി അൻപത്തി മൂന്ന്) സീറ്റുകളും എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ ഒഴിവുള്ള 6438(അറായിരത്തി നാന്നൂറ്റി മുപ്പത്തി എട്ട്) സീറ്റും മാനേജ്മെന്റ് ക്വാട്ടയിൽ ഒഴിവുള്ള 8988(എണ്ണായിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട്) സീറ്റുകളും സ്പോർട്ട്സ് ക്വാട്ടയിൽ ഒഴിവുള്ള 4461(നാലായിരത്തി നാന്നൂറ്റി അറുപത്തി ഒന്ന്) സീറ്റുകളും അൺ-എയ്ഡഡ് സ്കൂളുകളിലെ ഒഴിവുള്ള 34252(മുപ്പത്തി നാലായിരത്തി ഇരുന്നൂറ്റി അൻപത്തി രണ്ട്)സീറ്റുകളും കൂടി ആകെ 87292(എൺപത്തി ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി രണ്ട്) സീറ്റുകളും ലഭ്യമാണ്. ഇതിന് പുറമേ വൊക്കേഷണൽ ഹയർസെക്കന്ററി, പോളിടെക്നിക്, ഐടിഐ മേഖലകളിലായി 83000 സീറ്റുകളും ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് ക്വാട്ടാ, കമ്മ്യൂണിറ്റി ക്വാട്ടാ അൺ-എയ്ഡഡ് ബാച്ചുകൾ എന്നിവയിലും പ്രവേശനം നടന്നുകൊണ്ടിരിക്കുകയാണ്. താലൂക്ക്തല വിഷയ കോമ്പിനേഷൻ തിരിച്ചുള്ളകണക്കുകൾ അവലോകനം നടത്തി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്. |

Sd/-

സെക്ഷൻ ഓഫീസർ